15 YEARS OF CELEBRATING THE MAHATMA

നം: എഫ് 2/3514/2020

ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം - 695004
ഫോൺ: 2445749, 2445799
ഇ-മെയിൽ: dddtvm@gmail.com

തീയതി: 24/03/2020

**സർക്കുലർ നമ്പർ: 16/2020**

വിഷയം:- ക്ഷീര വികസന വകുപ്പ്-കോവിഡ്-19 രോഗബാധ ഫലപ്രദമായി നേരിടുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ നല്കുന്നത് സംബന്ധിച്ച്-

സൂചന :- ഈ ഓഫീസിലെ 16-03-2020, 23-03-2020, എന്നീ തീയതികളിലെ യഥാക്രമം 11/2020, 14/2020 സർക്കുലറുകൾ.

സൂചനകളിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിയ്ക്കുന്നു. കേരളത്തിൽ പടർന്നുപിടിച്ചു കൊണ്ടിരിയ്ക്കുന്ന കോവിഡ്-19 വൈറസിന്റെ വ്യാപനവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ ശക്തമായ നിയന്ത്രണവുമായി മുന്നോട്ടുപോകുന്ന സാഹചര്യത്തിൽ താഴെപറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിയ്ക്കുന്നു.

1. ക്ഷീരസംഘങ്ങളുടെ പാൽ സംഭരണ സമയത്തിന്റെ ദൈർഘ്യം പരമാവധി കുറയ്ക്കുക, എത്രയും വേഗം പാൽ സംഭരിയ്ക്കുക, പാൽ സംഭരണത്തിനും വിപണത്തിനും പ്രത്യേകം കൗണ്ടറുകൾ സജ്ജീകരിയ്ക്കുക, ശാരീരിക അകലം പാലിയ്ക്കുക.
2. പാൽ സംഭരണ വിപണന സമയത്ത് ആളുകൾ കൂട്ടുകൂടുന്നത് ഒഴിവാക്കുകയും പാൽ നൽകിയശേഷം എത്രയും വേഗം തിരികെ വീട്ടിൽ പോകുന്നതിന് പ്രേരിപ്പിയ്ക്കുകയും ചെയ്യേണ്ടതാണ്.
3. നിയന്ത്രണമുള്ള കാലയളവിൽ പാൽ സംഭരണം സംബന്ധിച്ച പ്രവർത്തനം അതാത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് തീരുമാനിയ്ക്കാവുന്നതാണ്. ഈ സമയത്ത് ക്ഷീരസംഘം ഓഫീസിന്റെ പ്രവർത്തനം പകൽ **10 മണി മുതൽ 2** വരെയായിരിയ്ക്കും. ക്ഷീരസംഘങ്ങളിലെ ജീവനക്കാരുടെ നിയന്ത്രണങ്ങൾ സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ബന്ധപ്പെട്ട ഭരണസമിതിയുമായി കൂടിയാലോചിച്ച് സെക്രട്ടറി നടപ്പിലാക്കേണ്ടതാണ്. ഡ്യൂട്ടി സംബന്ധിച്ച ഷെഡ്യൂൾ മുൻകൂട്ടി തയ്യാറാക്കേണ്ട താണ്. മേൽ കാര്യത്തോടൊപ്പം പാൽസംഭരണ-വിപണന സമയവും മെമ്പർമാരുടെയും ഉപഭോക്താക്കളുടെയും അറിവിലേയ്ക്കായി സംഘം ഓഫീസ് നോട്ടീസ് ബോർഡ്, പാൽ സംഭരണ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ പ്രദർശിപ്പിയ്ക്കേണ്ടതാണ്. ആയതിന്റെ പകർപ്പ് ക്ഷീരവികസന യൂണിറ്റിൽ ഇ-മെയിൽ ആയി അയയ്ക്കേണ്ടതാണ്.
4. സംഘത്തിന്റെ പാൽ സംഭരണത്തിൽ ഏർപ്പെട്ടിട്ടുള്ള ജീവനക്കാരിൽ മൂന്നിൽ രണ്ട് പേർ വീതം റൊട്ടേഷനിൽ ജോലിയ്ക്ക് ഹാജരാകാവുന്നതാണ്. കുറവുള്ള ജീവനക്കാരെ ഓഫീസ് ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും ഭരണ സമിതി അംഗങ്ങളിൽ നിന്നും നിയോഗിയ്ക്കാവുന്നതാണ്.

മറുപുറം.....

Cs: 25-03-20

5. ഡ്യൂട്ടിയ്ക്ക് ഹാജരാകുന്ന ജീവനക്കാർക്ക് സംഘം സെക്രട്ടറി പാസ് നല്കേണ്ടതാണ്.
6. ഓഫീസിലേയ്ക്ക് ക്ഷീരോല്പാദകരെയും ഉപഭോക്താക്കളെയും സന്ദർശകരേയും കർശനമായി നിയന്ത്രിയ്ക്കേണ്ടതാണ്.
7. വിവരങ്ങൾ കൈമാറുന്നതിന് വാട്സ് ആപ് ഗ്രൂപ്പുകൾ പോലുള്ള സോഷ്യൽ മീഡിയ തുടങ്ങിയവ ഉപയോഗപ്പെടുത്താവുന്നതാണ്.
8. ക്ഷീരവികസന വകുപ്പ്, മിൽമ, ആരോഗ്യവകുപ്പ്, സർക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജില്ലാ ഭരണകൂടം എന്നിവയുടെ നിർദ്ദേശങ്ങൾ എല്ലാം തന്നെ താമസംവിനാ താഴെതട്ടിൽ എത്തുന്നുണ്ടെന്ന് ടെക്നിയ്ക്കൽ അസിസ്റ്റന്റുമാരും ക്ഷീരവികസന ഓഫീസർമാരും ഉറപ്പുവരുത്തേണ്ടതാണ്.
9. മിൽമയുൾപ്പെടെയുള്ള സ്ഥാപനങ്ങൾ പാൽ വിപണനത്തിൽ വളരെയേറെ പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ സംഘത്തിലെ ഉല്പാദകരല്ലാത്തവരിൽ നിന്നും പാൽ സംഭരിയ്ക്കുന്നത് സംബന്ധിച്ച് സംഘം ഭരണസമിതി യുക്തമായ തീരുമാനം കൈകൊള്ളാവുന്നതാണ്.

വിശ്വസ്തതയോടെ

**ഡയറക്ടർ**

Cs: 25-03-20